**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭ 12.07.2016-ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ: 1141

## കുറ്റിക്കോൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്ത് ഭരണ സമിതിയിൽ എത്ര യു.ഡി.എഫ്. അംഗങ്ങളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്ത് ഭരണ സമിതിയിൽ താഴെപ്പറയുന്ന 5 യു.ഡി.എഫ്. അംഗങ്ങളുണ്ട്.<br>വാർഡ് 3 – രാജേഷ് (ആർ.എസ്.പി.)<br>വാർഡ് 5 – സെമീറ (ഐ.എൻ.സി.(ഐ)<br>വാർഡ് 11 – ലിസ്സി പി.ജെ. (ഐ.എൻ.സി. (ഐ)<br>വാർഡ് 12 – ജോസഫ് പാറത്തട്ടേൽ (ഐ.എൻ.സി. (ഐ))<br>വാർഡ് 13 - ശുഭ ലോഹിതാക്ഷൻ (ഐ.എൻ.സി.) |
| (ബി) | പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ അഞ്ച് സീറ്റുള്ള കോൺഗ്രസ്സ് അംഗങ്ങൾ ബി.ജെ.പി.യുടെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്ത് വിജയിപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ഉൾപ്പെടെ മുഴുവൻ അംഗങ്ങളും ബി.ജെ.പി.യുടെ വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്തിട്ടുണ്ട്. |
| (സി) | വിപ്പ് ലംഘിച്ച് വോട്ട് ചെയ്ത കോൺഗ്രസ്സ് അംഗങ്ങളെ അയോഗ്യരാക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ടവരാരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | വിപ്പ് ലംഘിച്ച പരാതി ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പരാതി ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും തുടർനടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ